**മധുരമായ കുട്ടികളെ- ഏറ്റവും പ്രിയപ്പെട്ട ബാബയുടെ യഥാർത്ഥ പരിചയം നല്കുന്നതിനുള്ള യുക്തി കണ്ടെത്തണം, കൃത്യമായ വാക്കുകളിൽ ബാബയുടെ പരിചയം നല്കൂ എങ്കിൽ സർവ്വവ്യാപിയെന്ന കാര്യം സമാപ്തമാകും.**

**ചോദ്യം-** അവിനാശി ജ്ഞാന രത്നങ്ങൾ ഗ്രഹിക്കുന്ന കുട്ടികളുടെ കടമയെന്താണ്?
**ഉത്തരം-** ജ്ഞാനത്തിന്റെ ഓരോ കാര്യവും നല്ല രീതിയിൽ വിചാര സാഗര മഥനം ചെയ്ത് ഒരേയൊരു ബാബയുടെ സത്യമായ പരിചയം സർവ്വർക്കും നല്കണം. പുണ്യാത്മാവാക്കിയ ബാബയുടെ പരിചയത്തിനോടൊപ്പം പാപാത്മാവാക്കിയതാരാണെന്ന അറിവും നല്കണം, ഇത് നിങ്ങൾ കുട്ടികളുടെ കടമയാണ്. സർവ്വരെയും രാവണന്റെ വില കുറഞ്ഞ പഴം പെറുക്കുന്നതിൽ നിന്നും മോചിപ്പിച്ച് ജ്ഞാന രത്നങ്ങൾ എടുപ്പിക്കണം. സേവനത്തിന്റെ വ്യത്യസ്ഥമായ യുക്തികൾ കണ്ടെത്തണം. സേവനത്തിൽ ബിസിയായിരിക്കുന്നതിലൂടെ തന്നെയാണ് അപാര സന്തോഷമുണ്ടാകുന്നത്.

***ഗീതം-*** പ്രിയതമാ വന്ന് മിലനം ചെയ്യൂ....

**ഓം ശാന്തി.** പരമപിതാവായ ബാബയെ സദാ രചയിതാവെന്നാണ് പറയുന്നത്. മനുഷ്യർ പറയുന്നു- ഈ മൃഗങ്ങളെയും പക്ഷികളെയും എല്ലാം ഭഗവാനാണ് രചിക്കുന്നത് എന്ന്. എന്നാൽ മനസ്സിലാക്കി കൊടുക്കണം ആദ്യം മനുഷ്യന്റെ കാര്യം മനസ്സിലാക്കൂ എന്ന്. രചയിതാവായ പരമപിതാവ് എങ്ങനെ മനുഷ്യ സൃഷ്ടി രചിക്കുന്നു. മനുഷ്യർ തന്നെയാണ് പരമാത്മാവിനെ അച്ഛൻ എന്ന് വിളിക്കുന്നത്, കാരണം ദുഃഖിതരാണ്. സർവ്വരും ആ രചയിതാവിനെയാണ് ഓർമ്മിക്കുന്നത്. അതിനാൽ ആദ്യമാദ്യം ഇത് മനസ്സിലാക്കി കൊടുക്കണം- മനുഷ്യ സൃഷ്ടിയുടെ രചയിതാവ് ആരാണ് എന്ന്. രചയിതാവായ ബാബ സർവ്വരുടെയും അച്ഛനാണ്. ആദ്യമാദ്യം ബാബയുടെ പരിചയം നല്കണം. ആത്മാവിന് സ്വയത്തിന്റേയോ ബാബയുടേയോ പരിചയമില്ല. ആത്മാവിന്റെ പരിചയം ലഭിച്ചാൽ ഞാൻ ആരുടെ സന്താനമാണെന്ന് മനസ്സിലാക്കാം. നമ്മൾ പരമപിതാ പരമാത്മാവിന്റെ സന്താനമാണ്. ബാബ രചയിതാവാണ് അതിനാൽ തീർച്ചയായും ആദ്യം മനുഷ്യ സൃഷ്ടി രചിക്കുന്നുണ്ടാകും, അത് പുതിയ ലോകം അഥവാ സ്വർഗ്ഗമായിരിക്കും. ബാബ തീർച്ചയായും സ്വർഗ്ഗമാണ് രചിക്കുന്നത്. ബാബ ദുഃഖത്തിന് വേണ്ടി രചനയെ രചിക്കില്ല. സ്വർഗ്ഗം രചിക്കുന്ന ബാബയുടെ മക്കളാണ് നമ്മൾ, അപ്പോൾ നമ്മളും അവിടെ ഉണ്ടായിരിക്കണം അല്ലെങ്കിൽ പരംധാമിലായിരിക്കണം. പക്ഷെ നമുക്ക് ഇവിടെ പാർട്ടഭിനയിക്കാൻ വരേണ്ടിയിരിക്കുന്നു. ഇതാണ് വിചാര സാഗര മഥനം ചെയ്യുന്നതിനുള്ള യുക്തികൾ. എത്രമാത്രം സമയം ലഭിക്കുന്നുവൊ അത്രയും വിചാര സാഗര മഥനം ചെയ്യണം. സാധു സന്യാസിമാർ ആരും ബാബയെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കുന്നില്ല. രചയിതാവായ ബാബ തീർച്ചയായും സ്വർഗ്ഗമാണ് രചിക്കുന്നത്, അപ്പോൾ സർവ്വ ആത്മാക്കളും നിർവ്വാണധാമിലായിരിക്കണം. നിർവ്വാണ ധാമം സർവ്വ ആത്മാക്കളുടെയും വീടാണ്, അവിടെയാണ് ബാബയും വസിക്കുന്നത്. നിങ്ങൾ കുട്ടികൾ പരിധിയില്ലാത്ത ബാബയുമായി ബുദ്ധിയോഗം വെയ്ക്കുന്നതിന് പരിശ്രമിക്കണം. യോഗമില്ലാത്തത് കാരണം മനുഷ്യരിലൂടെ പാപം ഉണ്ടാകുന്നു അഥവാ ധാരണ ഉണ്ടാകുന്നില്ല. ബാബയെ ഓർമ്മിക്കുന്നില്ല. ഭഗവാൻ ഒന്നാണ്. ഏറ്റവും പ്രിയപ്പെട്ട ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണ്. അവിടെ വളരെ സുഖമുണ്ട്. ഇവിടെ ദുഃഖമുള്ളത് കാരണമാണ് ഭഗവാനെ ഓർമ്മിക്കുന്നത്. ബാബ കുട്ടികൾക്ക് സുഖത്തിന് വേണ്ടിയാണ് ജന്മം നല്കുന്നത്. സത്യ ത്രേതായെ സുഖധാമം എന്നാണ് പറയുന്നത്. ഇപ്പോൾ കലിയുഗമാണ്. ഇതിന് ശേഷം സത്യയുഗം വരണം. അതിനാൽ തീർച്ചയായും ബാബയ്ക്കും വരേണ്ടിയിരിക്കുന്നു. അങ്ങനെ അങ്ങനെ വിചാര സാഗര മഥനം ചെയ്ത് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം. ഇവിടെ ബാബയിലൂടെ നിങ്ങൾക്ക് ബാബയുടെ പരിചയം ലഭിക്കുന്നു. മനുഷ്യർ ഏറ്റവും പ്രിയപ്പെട്ട ബാബയെ മനസ്സിലാക്കുന്നില്ല. ബാബയെ അറിയുന്നില്ല അർത്ഥം സ്വയത്തെ ബാബയുടെ കുട്ടിയാണെന്ന് മനസ്സിലാക്കുന്നില്ല. നമ്മൾ ബാബയെ മനസ്സിലാക്കി അതിനാൽ ബാബയെ ഓർമ്മിക്കുന്നു. ഇത് സർവ്വാത്മാക്കളുടെയും പരിധിയില്ലാത്ത അച്ഛനാണ്. ആ നിരാകാരൻ ഈ സാകാരി പ്രജാപിതാവിലൂടെ രചനയെ രചിക്കുന്നു. പ്രജാപിതാ ബ്രഹ്മാവും ഉണ്ട്, ബ്രാഹ്മണരും ബ്രാഹ്മണിമാരും ഉണ്ട്. തീർച്ചയായും പ്രജാപിതാ ബ്രഹ്മാവിന്റെ അച്ഛൻ പരമപിതാവായിരിക്കും, ബാബയെയാണ് രചയിതാവെന്ന് പറയുന്നത്. ആര് വന്നാലും ആദ്യം ആദ്യം ബാബയുടെ പരിചയം നല്കണം. ബാബയെ മനസ്സിലാക്കിയാലേ ബാക്കിയെല്ലാം മനസ്സിലാക്കാൻ സാധിക്കൂ. അല്ലായെങ്കിൽ ഒന്നും മനസ്സിലാക്കാൻ സാധിക്കില്ല. ഇവരുടെ അറിവ് വളരെ കൃത്യമായിട്ടുള്ളതാണെന്ന് മനുഷ്യർ മനസ്സിലാക്കുന്ന രീതിയിൽ പറഞ്ഞു കൊടുക്കണം. പരിധിയില്ലാത്ത അച്ഛൻ സ്വർഗ്ഗത്തിന്റെ രചയിതാവാണ് എന്ന് മറ്റാരും മനസ്സിലാക്കി തരില്ല. തീർച്ചയായും നരക

ത്തിന്റെ രചയിതാവായും ആരെങ്കിലും ഉണ്ടാകും. പാവനമാക്കുന്നത് ഒരേയൊരു ബാബയാണ് അപ്പോള്‍ തീര്‍ച്ചയായും പതിതമാക്കുന്നവനും ഉണ്ടായിരിക്കും. ഇത് നല്ല രീതിയില്‍ മനസ്സിലാക്കി കൊടുക്കണം. ബാബ ആരാണ്, ആരെയാണ് നമ്മള്‍ ഓര്‍മ്മിക്കുന്നത്. രാവണനെയാരും ഓര്‍മ്മിക്കുന്നില്ല. മനുഷ്യര്‍ പാവനമാക്കുന്ന രാമനായ പരമാത്മാവിനേയോ പതിതമാക്കുന്ന രാവണനേയോ അറിയുന്നില്ല, തീര്‍ത്തും അറിവില്ലായ്മയാണ്. ഫാറം പൂരിപ്പിക്കുന്ന സമയത്ത് ആദ്യം ബാബയുടെ പരിചയം നല്കണം. നിങ്ങളുടെ ആത്മാവിന്റെ അച്ഛന്‍ ആരാണ്, ഈ ചോദ്യം മറ്റാര്‍ക്കും ചോദിക്കാനാകില്ല. ഓരോ മനുഷ്യന്റേയും ഉള്ളില്‍ ആത്മാവുണ്ട്. ജീവാത്മാവ്, പാപാത്മാവ്, പുണ്യാത്മാവ് എന്ന് പറയാറുണ്ട്. ബാബ തന്നയാണ് പുണ്യാത്മാവാക്കുന്നത്, പിന്നെ പാപാത്മാവാക്കുന്നത് ആര്? ഇത് തീര്‍ച്ചയായും മനസ്സിലാക്കി കൊടുക്കണം. ബാബ സ്വര്‍ഗ്ഗത്തിന്റെ രചയിതാവാണ്, നമ്മള്‍ ആ ബാബയുടെ കുട്ടികളാണ്, ആ ബാബയെ നിങ്ങള്‍ക്ക് അറിയാമോ? തീര്‍ച്ചയായും പാവന ലോകമാണ് രചിക്കുന്നത്. ഇത് പതിത ലോകമാണ്, അതിനാല്‍ മനുഷ്യര്‍ പാടുന്നുണ്ട്- പതിത പാവനാ വരൂ എന്ന്. അത്രയും പതിത മനുഷ്യരെ ആര് പാവനമാക്കും? സര്‍വ്വവ്യാപിയാണെങ്കില്‍ പരമപിതാ പരമാത്മാവേ വരൂ എന്ന് വിളിക്കാന്‍ സാധിക്കില്ല. സര്‍വ്വവ്യാപിയാണെങ്കില്‍ ബാബയെ ഓര്‍മ്മിക്കേണ്ട ആവശ്യമേയില്ല. ഇപ്പോള്‍ ഞങ്ങള്‍ നിങ്ങള്‍ക്ക് വളരെ നല്ല നിര്‍ദ്ദേശം നല്കുന്നു. ബ്രഹ്മാവിന്റെ നിര്‍ദ്ദേശം വളരെ പ്രശസ്തമല്ലേ. നമ്മള്‍ ബ്രഹ്മാമുഖവംശാവലി ബ്രാഹ്മണരും ബ്രാഹ്മണിമാരുമാണ്. ബ്രഹ്മാവിന് പോലും നിര്‍ദ്ദേശം നല്കുന്നത് തീര്‍ച്ചയായും ഉയര്‍ന്ന ബാബയായിരിക്കും. ബ്രഹ്മാവും പരമപിതാപരമാത്മാ ശിവനും. ബാബ ആത്മാക്കളുടെ പിതാവാണ്. അത് പ്രജാപിതാവാണ്. നിങ്ങള്‍ കുട്ടികള്‍ സേവനത്തിന് വേണ്ടി ഇങ്ങനെ വിചാര സാഗര മഥനം ചെയ്യുകയാണെങ്കില്‍ നിങ്ങള്‍ക്ക് വളരെ സന്തോഷമുണ്ടായിരിക്കും. ആര് വന്നാലും അവര്‍ക്ക് ജ്ഞാന രത്നങ്ങള്‍ നല്കണം. ബാബ വന്ന് അവിനാശി ജ്ഞാന രത്നങ്ങളാണ് നല്കുന്നത്, അതിലൂടെ നമ്മള്‍ വിശ്വത്തിന്റെ അധികാരിയായി തീരുന്നു. പിന്നീട് രാവണന്‍ വന്ന് വില കുറഞ്ഞ പഴം നല്കുന്നു. ശിവന്റെ ചിത്രവും ദേവതമാരുടെ ചിത്രവും എല്ലാം കല്ല് കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതാണ്. കല്ലിനെ പൂജിച്ച് പൂജിച്ച് കല്ല് ബുദ്ധിയായി മാറി. ശിവന്റേയും കല്ല് കൊണ്ടുള്ള ചിത്രമുണ്ട്. തീര്‍ച്ചയായും ഏതോ സമയത്ത് ശിവബാബ ചൈതന്യത്തില്‍ വന്ന് പഠിപ്പിച്ചിട്ടുണ്ടാകും. പ്രജാപിതാ ബ്രഹ്മാവും ഉണ്ട്. ബ്രഹ്മാകുമാരി സരസ്വതിയുമുണ്ട്. ഇപ്പോള്‍ പ്രാക്ടിക്കലായി ഉണ്ട്. ഇവരെ കുറിച്ചാണ് പറയുന്നത് സര്‍വ്വരുടേയും മനോകാമനകളെ പൂര്‍ത്തീകരിക്കുന്നവര്‍ എന്ന്. അവിനാശി ജ്ഞാന രത്നം ദാനം ചെയ്യുന്ന വിദ്യാ ദേവി. അവര്‍ സരസ്വതിയുടെ കൈയ്യില്‍ വീണ കാണിക്കുന്നു. ഈ കാര്യങ്ങളെല്ലാം ബുദ്ധിയില്‍ വരണം. പ്രഭാഷണം ചെയ്യുന്നവര്‍ വിചാര സാഗര മഥനം ചെയ്യണം. ആദ്യം പ്രഭാഷണം എഴുതി, പിന്നെ അതിനെ പഠിക്കണം. വലിയ വലിയ പ്രഭാഷകര്‍ വളരെ ശ്രദ്ധിച്ചാണ് സംസാരിക്കുന്നത്. തീര്‍ത്തും കൃത്യമായത് കേള്‍പ്പിക്കുന്നു. ലേശമെങ്കിലും തെറ്റിയെങ്കില്‍ പേര് മോശമാകുന്നു. ആദ്യം മുതലേ നല്ലപോലെ അഭ്യസിക്കണം. മറ്റുള്ളവര്‍ക്ക് ബാബയുടെ പരിചയം നല്കണം എന്ന് ബുദ്ധിയില്‍ ഉണ്ടായിരിക്കണം. സേവനം ചെയ്യണം. വികാരി ഗുരുക്കന്‍മാരുടെ വലയില്‍ വളരെ പേര്‍ കുടുങ്ങിയിട്ടുണ്ട്. അവര്‍ക്ക് ആരുടെയും സത്ഗതി ചെയ്യാനാകില്ല. പതിത പാവനന്‍ എന്ന് നിരാകാരനായ ഭഗവാനെ തന്നെയാണ് പറയുന്നത്. സര്‍വ്വവ്യാപിയുടെ ജ്ഞാനത്തിലൂടെ ആരുടെയും സത്ഗതി ഉണ്ടാകുന്നില്ല. പതിത പാവനന്‍ ഒരേയൊരു ശിവബാബയാണ്, ബാബയെയാണ് രുദ്രന്‍ എന്ന് വിളിക്കുന്നത്. രുദ്ര യജ്ഞം വളരെ പ്രശസ്തമാണ്. ഇത്രയും വലിയ യജ്ഞം മറ്റാര്‍ക്കും രചിക്കാന്‍ സാധിക്കില്ല. രുദ്ര ജ്ഞാന യജ്ഞം എത്ര വര്‍ഷം ഉണ്ടാകും? ജ്ഞാനം കേള്‍പ്പിച്ചു കൊണ്ടേയിരിക്കുന്നു. യജ്ഞം രചിക്കുമ്പോള്‍ അതില്‍ ശാസ്ത്രങ്ങളും വെയ്ക്കുന്നുണ്ട്. രാമായണം, ഭാഗവതം തുടങ്ങിയ കഥകള്‍ കേള്‍പ്പിക്കുന്നു, അതിനെ രുദ്ര യജ്ഞം എന്നു പറയുന്നു. വാസ്തവത്തില്‍ ഇതാണ് രുദ്ര യജ്ഞം. ഈ യജ്ഞം വളരെ സമയം നിലനില്ക്കുന്നു. അവരുടെ യജ്ഞം ഏറിയാല്‍ ഒരു മാസം ഉണ്ടാകും. ഇത് നോക്കൂ എത്ര സമയമാണ്. സര്‍വ്വ പഴയ വസ്തുക്കളും ഇതില്‍ സ്വാഹാ ആകണം. ഈ മുഴുവന്‍ പഴയ ലോകവും ഇതില്‍ ഭസ്മമാകണം. എത്ര വലിയ യജ്ഞമാണ്, ചിന്തിച്ച് നോക്കൂ. സര്‍വ്വരുടെയും ശരീരം സ്വാഹാ ആകും, അപ്പോള്‍ സര്‍വ്വ ആത്മാക്കളും തിരികെ ശാന്തിധാമിലേക്ക് പോകും. ബാബ വരാതെ പതിതത്തില്‍ നിന്നും ആര് പാവനമാക്കും, മായയുടെ പിടിയില്‍ നിന്നും ആര് മുക്തമാക്കും? ആരെങ്കിലും വേണ്ടേ. അതിനാല്‍ സ്വയം അധികാരി തന്നെ വരുന്നു. സര്‍വ്വവ്യാപിയായിരുന്ന് ജ്ഞാനം നല്കുന്നില്ല, ബാബ വരുന്നുണ്ട്. നമ്മള്‍ ബാബയുടെ സന്താനങ്ങളാണ്, പേരക്കുട്ടികളാണ്. വാസ്തവത്തില്‍ നിങ്ങളും ആണ്. ഇപ്പോള്‍ ആ ബാബ വന്നിരിക്കുകയാണ്, തന്റെ പരിചയം നല്കി കൊണ്ടിരിക്കുന്നു. സ്വര്‍ഗ്ഗത്തിന്റെ സ്ഥാപന ചെയ്തു കൊണ്ടിരിക്കുന്നു. നമ്മള്‍ രാജയോഗ ഋഷിയാണ്, അവര്‍ ഹഠയോഗ ഋഷി. ഇതിനെ ആസ്പദമാക്കി ഒരു കഥ കേള്‍പ്പിക്കാറുണ്ട്- ഇന്ന ഋഷിയുടെ തൂക്കമാണോ കൂടുതല്‍ അതോ രാജഋഷിയുടേതാണോ. അതെല്ലാം ഭക്തി മാര്‍ഗ്ഗത്തിലെ കാര്യങ്ങളാണ്, ഇത് ജ്ഞാന മാര്‍ഗ്ഗമാണ്. ഭക്തിയുടെയും ജ്ഞാനത്തിന്റെയും ത്രാസിന്റെ കഥ പറയാറുണ്ട്. ഒരു ഭാഗത്ത് ഭക്തി മാര്‍ഗ്ഗത്തിന്റെ ശാസ്ത്രങ്ങള്‍, മറു ഭാഗത്ത് ഒരേയൊരു ജ്ഞാനത്തിന്റെ ഗീത. അപ്പോള്‍ ഗീതയുള്ള ഭാഗത്തിന് ഭാരം വര്‍ദ്ധിക്കുന്നു. ഗീത

രാജഋഷിമാരുടേതാണ്, ഹഠയോഗികൾക്ക് നിറയേ ശാസ്ത്രങ്ങളുണ്ട്. ഒരു ഭാഗത്ത് അതെല്ലാം വെയ്ക്കൂ, മറു ഭാഗത്ത് ഗീതയും. വാസ്തവത്തിൽ അതൊന്നും നമ്മുടേതല്ല. നമ്മുടേത് ജ്ഞാനത്തിന്റേതായ കാര്യങ്ങളാണ്. ഗീതയുടെ ഭഗവാൻ വരുന്നത് സത്ഗതി ചെയ്യുന്നതിനാണ്. അതിനാൽ കുട്ടികളുടെ ബുദ്ധിയിൽ ഇതെല്ലാം ഉണ്ടായിരിക്കണം. ആര് മനസ്സിലാക്കിയാലും, ഇല്ലെങ്കിലും, നമ്മുടെ കടമയാണ് മനസ്സിലാക്കി കൊടുക്കുക എന്നുള്ളത്. മൃത്യുവിന്റെ സമയത്ത് സർവ്വരുടെയും കണ്ണുകൾ തുറക്കപ്പെടും. ഈ ജ്ഞാന യജ്ഞത്തിലൂടെയാണ് വിനാശ ജ്വാല ആരംഭിച്ചത്. ഇപ്പോൾ നിങ്ങൾ പാണ്ഡവരുടെ പതി പരംപിതാ പരമാത്മാവാണ്. പതിതരെ പാവനമാക്കുന്നത് ഒരേയൊരു പരമാത്മാവാണ് അല്ലാതെ കൃഷ്ണനല്ല. കൃഷ്ണൻ പ്രിൻസാണ്. ആരും ഗോഡ്ഫാദർ എന്ന് വിളിക്കില്ല. കുട്ടികളെ രചിക്കുമ്പോഴാണ് അച്ഛൻ എന്ന് അറിയപ്പെടുന്നത്. കൃഷ്ണൻ സ്വയം കുട്ടിയാണ്, അപ്പോൾ എങ്ങനെ അച്ഛൻ എന്ന് വിളിക്കാൻ സാധിക്കും. നിയമമല്ല. കൃഷ്ണന്റെ കൂടെ ജോഡിയെ കാണിക്കണം. അവർക്ക് മക്കൾ ഉണ്ടാകണം എന്നാലേ അച്ഛൻ എന്ന് പറയാൻ സാധിക്കൂ. അപ്പോൾ ഗൃഹസ്ഥിയാകും. ഇവിടെ നിരാകാരനായ ബാബയാണ് ജ്ഞാനം നല്കുന്നത്. ബാബ ഒരിക്കലും ഗൃഹസ്ഥത്തിൽ വരുന്നില്ല, സദാ പവിത്രമാണ്. കൃഷ്ണൻ മാതാവിന്റെ ഗർഭത്തിലൂടെയാണ് ജന്മമെടുക്കുന്നത് അപ്പോൾ പതിത പാവനൻ എന്ന് എങ്ങനെ വിളിക്കാൻ സാധിക്കും? ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം പരമപിതാ പരമാത്മാവിന് ബ്രഹ്മാവിന്റെ ശരീരത്തിൽ വരണം. പ്രജാപിതാവ് തീർച്ചയായും ഇവിടെ തന്നെ വേണമല്ലോ, അതിനാൽ ബ്രഹ്മാവ് എന്ന് പേര് വെച്ച് പറയുന്നു- ഞാൻ ഈ സാധാരണ ശരീരത്തിൽ പ്രവേശിക്കുന്നു. ബ്രഹ്മാവ് 84 ജന്മങ്ങളെടുത്ത് ഇപ്പോൾ അന്തിമ ജന്മത്തിലാണ്, വാനപ്രസ്ഥ അവസ്ഥയിൽ പൂർണ്ണമായും അനുഭവി രഥമാണ്. അർജ്ജുനനെ കുറിച്ചും പറയാറുണ്ടല്ലോ വളരെ ഗുരുക്കൻമാരുണ്ടായിരുന്നുവെന്ന്. ശാസ്ത്രങ്ങളെല്ലാം പഠിച്ചിരുന്നു അതിനാൽ അതിനനുസരിച്ച് മനസ്സിലാക്കി കൊടുക്കണം. പ്രജാപിതാ ബ്രഹ്മാവിന്റെ പേര് കേട്ടിട്ടുണ്ടോ? ബ്രഹ്മാവുണ്ടെങ്കിൽ തീർച്ചയായും ബ്രാഹ്മണരും വേണം. മുഖ്യമായ വർണ്ണങ്ങളുണ്ട്. ചക്രത്തിലും വർണ്ണങ്ങളെ കാണിക്കുന്നുണ്ട്. ബ്രാഹ്മണ കുലമാണ് ഏറ്റവും ചെറുത്. അവർ ജ്ഞാനം നേടുന്ന സമയവും വളരെ കുറവാണ്. ബ്രാഹ്മണർ കുറച്ചേയുള്ളൂ. അതിനേക്കാൾ കൂടുതൽ ദേവതമാർ, അതിനേക്കാൾ കൂടുതൽ ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ. നിങ്ങൾ ബ്രാഹ്മണർ വളരെ കുറച്ചേയുള്ളൂ, ഇവരിലും വളരെ കുറച്ച് പേർക്കേ സന്തോഷത്തിന്റെ ലഹരി സദാ നിലനിൽക്കുന്നുള്ളൂ. ബാബ മനസ്സിലാക്കി തന്നു അമൃതവേളയിലാണ് സന്തോഷത്തിന്റെ ലഹരി വർദ്ധിക്കുന്നത്. പകലും രാത്രിയിലും അന്തരീക്ഷം വളരെ മോശമാണ്, ആ സമയത്ത് ഓർമ്മ നിലനിൽക്കുകയില്ല. അമൃതവേളയുടെ സമയത്തിന് മഹിമയുണ്ട്. ആ സമയത്ത് എല്ലാ ആത്മാക്കളും ക്ഷീണിച്ച് ശരീരത്തിൽ നിന്ന് വേറിട്ട് ഉറങ്ങുന്നു. അതാണ് ശുഭ മുഹൂർത്തം. ബാബയുടെ ഓർമ്മ നടക്കുമ്പോഴും കറങ്ങുമ്പോഴും ഹൃദയത്തിൽ ഉണ്ടായിരിക്കണം. ബാക്കി ബലം പ്രയോഗിച്ച് ഒരു സ്ഥലത്തിരുന്ന് ഓർമ്മിച്ചാൽ ഓർമ്മ നിലനിൽക്കില്ല. ഋഷി, മുനി, ഭക്തരും അമൃതവേളയിൽ എഴുന്നേറ്റ് കീർത്തനം ചൊല്ലുന്നു കാരണം ആ സമയത്ത് ശുദ്ധ അന്തരീക്ഷമായിരിക്കും. അതിനാൽ ആര് വന്നാലും നമ്മൾ പഠിച്ചു കൊണ്ടിരിക്കുകയാണ് എന്ന് മനസ്സിലാക്കി കൊടുക്കണം. ഇതിൽ അന്ധവിശ്വാസത്തിന്റെ കാര്യമേയില്ല. നിരാകാരനായ ബാബ ടീച്ചറിന്റെ രൂപത്തിൽ വന്ന് സഹജരാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. മനുഷ്യർക്ക് അതിശയം തോന്നും ഇവരെ എങ്ങനെയാണ് നിരാകാരൻ പഠിപ്പിക്കുന്നത് എന്ന്. ഭഗവാന്റെ വാക്കുകളാണ് അതിനാൽ തീർച്ചയായും ശരീരത്തിൽ പ്രവേശിച്ച് രാജയോഗം പഠിപ്പിച്ചിട്ടുണ്ടാകും. ഏതെങ്കിലും ശരീരം ലോണെടുത്ത് കാണും, അതിനാൽ ആദ്യം യുക്തിയോടെ ബാബയുടെ പരിചയം നല്കണം. സർവ്വവ്യാപിയെന്ന് പറയുന്നതിലൂടെ എന്ത് സമ്പത്ത് ലഭിക്കും. ഭഗവാന്റെ മഹാവാക്യങ്ങൾ ചെവികളിൽ പതിയാതെ ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ഭഗവാൻ നിരാകാരനാണ്, ബ്രഹ്മാവ് സാകാരി പ്രജാപിതാവാണ്, നിങ്ങൾ ബ്രഹ്മാകുമാർ കുമാരിമാരാണ്. നിരാകാരനായ പരമാത്മാവ് ബ്രഹ്മാവിന്റെ ശരീരത്തിലൂടെ പഠിപ്പിക്കുന്നു. നമ്മുടെ ലക്ഷ്യമാണ് മനുഷ്യനിൽ നിന്നും ദേവതയാകുക എന്നത്. ബാബയുടെ പരിചയം നല്കിയാലേ ബാബയുടെ ഓർമ്മ നിലനില്ക്കൂ. ചിലർ എഴുതുന്നുണ്ട്-ഞങ്ങൾക്ക് അറിയില്ല എന്ന്, നിങ്ങൾക്ക് ബാബയെ അറിയില്ലേ? പരമപിതാ പരമാത്മാവെന്ന് പറയുന്നുണ്ടെങ്കിൽ തീർച്ചയായും ഉണ്ടായിരിക്കുമല്ലോ! കുട്ടികൾക്കറിയാം പരമപിതാ പരമാത്മാവിലൂടെ ഭാവിയിൽ ജന്മ ജന്മാന്തരത്തേക്ക് ഫലം പ്രാപ്തമാകുന്നു. ഇതിൽ വിഘ്നമിടുന്നവരുടെ മേൽ എത്രമാത്രം പാപം ഉണ്ടാകുന്നുണ്ടാകും. മനസ്സിലാക്കിയിട്ടും വിഘ്നം ഇടുന്നുണ്ട്. അറിവില്ലാത്തവരുടെ മേൽ തെറ്റില്ല. മുഴുവൻ ലോകമേ വിവേകശൂന്യമാണ്. ശരി!

മധുര മധുരമായ വളരെ കാലത്തെ വേർപ്പാടിന് ശേഷം കളഞ്ഞു കിട്ടിയ കുട്ടികൾക്ക് മാതാ പിതാ ബാപ്ദാദയുടെ സ്നേഹസ്മരണയും......ഇതിന്റെ ഒരോ അക്ഷരത്തിന്റെ അർത്ഥം കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. ആദ്യം ആദ്യം മാതാ പിതാവ്, പിന്നെ ബാപ്ദാദ. സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നവരെയാണ് മാതാ പിതാവെന്ന് പറയുന്നത്. ഇത് ബാപ്ദാദയാണ്. പിന്നെ പറയും ജഗദംബ, ഇത് വളരെ ഗുഹ്യമായ

കാര്യങ്ങളാണ്. ഏറ്റവും ഗുഹ്യമായ കടങ്കഥ ഇതാണ്, ഇത് മനസ്സിലാക്കിയാൽ മനുഷ്യർക്ക് വളരെ നേട്ടമുണ്ട്. പിന്നെ പറയും സിക്കിലധേയെന്ന്, ഇത് അടുത്ത ചോദ്യമാണ്. പിന്നെ പറയും ബ്രാഹ്മണ കുല ഭൂഷണർ, സ്വദർശന ചക്രധാരി- ഇതും പുതിയ പ്രഹേളികയാണ്. ഓരോ കാര്യത്തിലും വിഷമപ്രശ്നങ്ങളുണ്ട്. ശരി.

സ്വദർശന ചക്രധാരി കൺമണികൾക്ക് സ്നേഹസ്മരണയും പ്രഭാത വന്ദനവും, ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം-**

1. അമൃതവേളയുടെ ശുഭ മുഹൂർത്തത്തിൽ ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിച്ച് സന്തോഷത്തിന്റെ ലഹരി വർദ്ധിപ്പിക്കണം. നടക്കുമ്പോഴും കറങ്ങുമ്പോഴും ഓർമ്മയുടെ അഭ്യാസം ചെയ്യണം.

2. പാപ കർമ്മങ്ങളിൽ നിന്നും മുക്തമാകുന്നതിന് അഥവാ ജ്ഞാനത്തിന്റെ നല്ല ധാരണ ചെയ്യുന്നതിന് ഒരേയൊരു ബാബയുമായി ബുദ്ധിയോഗം യോജിപ്പിക്കുന്നതിനുള്ള പരിശ്രമം ചെയ്യണം.

## വരദാനം:-ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്ത് സാരയുക്തവും യോഗയുക്തവും യുക്തിയുക്തവുമായ സ്വരൂപത്തിന്റെ അനുഭവം ചെയ്യുന്ന സദാ ശക്തിശാലിയായി ഭവിക്കട്ടെ.

ചോദ്യചിഹ്നത്തിന്റെ വളഞ്ഞ വഴിയിലൂടെ പോകുന്നതിന് പകരം ഓരോ കാര്യത്തിലും ബിന്ദുവിടൂ. ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്യൂ എങ്കിൽ സാരയുക്തവും യോഗയുക്തവും യുക്തിയുക്തവുമായ സ്വരൂപത്തിന്റെ അനുഭവം ചെയ്യാം. സ്മൃതിയും വാക്കും കർമ്മവും എല്ലാം തന്നെ ശക്തിശാലിയാകും. ബിന്ദുവാകാതെ വിസ്താരത്തിലേക്ക് പോകുകയാണെങ്കിൽ എന്ത്, എന്തുകൊണ്ട് എന്ന വ്യർത്ഥ വാക്കിലും കർമ്മത്തിലും സമയവും ശക്തികളും വ്യർത്ഥമായി നഷ്ടപ്പെടും, എന്തുകൊണ്ടെന്നാൽ കാട്ടിൽ നിന്ന് പുറത്ത് വരേണ്ടിവരും. അതിനാൽ ബിന്ദുരൂപത്തിൽ സ്ഥിതി ചെയ്ത് സർവ്വ കർമ്മേന്ദ്രിയങ്ങളെയും ആജ്ഞാനുസരണം നടത്തിക്കൂ.

## സ്ലോഗൻ:- "ബാബ" എന്ന വാക്കാകുന്ന ഡയമണ്ട് ചാവി കൂടെ വെക്കാമെങ്കിൽ സർവ്വ ഖജനാവുകളുടെയും അനുഭൂതി ഉണ്ടായിക്കൊണ്ടിരിക്കും.